
# ഡിജി-ബുക്ക്

**2022-2025**



**നിർമല എച്ച്. എസ് ചെമ്പേരി**

# NIRMALA HIGHER SECONDARY SCHOOL CHEMPERI

CHEMPERI P.O
PAYYAVOOR.VIA
KANNUR
PIN:670632
KERALA

EMAIL : nirmalahschemperi@gmail.com
PH : 046020843596

TALIPARAMBA EDUCATIONAL .DISTRICT
IRIKKUR SOUTH SUB .DISTRICT
SCHOOL CODE:



# ആമുഖം

**അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം സ്വയം നിർമ്മിക്കേണ്ടതാണ് ഈ തിരിച്ചറിവിൽ ,ഇന്നത്തെ ഡിജിററൽ യുഗത്തിൽ കലയുടെയും കഥയുടെയും വരയുടെയും സംഗമഭൂമിയായി വിദ്യാർത്ഥികൾ മാററിയെടുത്ത ഈ ഉൾക്കാഴ്ചയിലേക്ക് വായനക്കാരന് ഹൃദ്യമായ സ്വാഗതം**




## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ -ജോസ്‌വിൻ എം ജോസഫ്**

**അംഗങ്ങൾ**

അശ്വന്ത് എം ജെ
ആദർശ് കുര്യൻ
മിലൻ സന്തോഷ്
ബെൻ ബോണി
ആൻമരിയ റോയി
സ്വാതി സുരേഷ്
സേതു സുരേഷ്



## ഉള്ളടക്കം


ആമുഖം..........................................05
സന്ദേശം.......................................06-07
അമ്മ...............................................08
പുതുവർഷ പുലരി................................09
വീണ്ടും..........................................10
അവൾ..............................................11
അമ്മകിളിക്കൂട്....................................12
TREE...............................................13
അമ്പിളി............................................14
ജീവിതം.............................................15
വെള്ളിതിങ്കൾ.....................................16
സൗഹൃതം.........................................17
Nature Is Everywhere.........................18
pencil drawing....................................19
Digital Painting..................................20-21
Digital INDIA.....................................22

## ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും, ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനും നിർമല എച്ച്.എസ്.എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ ഡിജി-ബുക്ക് എന്ന ഡിജിറ്റൽ മാഗസിൻ വായനക്കാരെ കൗതുകത്തിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തുമെന്ന് കരുതുന്നു

കണ്ണൂർ റവന്യൂ ജില്ലയിൽ, തളിപ്പറമ്പ വിദ്യാഭ്യാസ ജില്ലയിലെ പ്രമുഖ വിദ്യാലയങ്ങളിൽ ഒന്നാണ് നിർമല എച്ച്.എസ്.എസ്  ചെമ്പേരി കിഴക്കൻ മലയോര പ്രദേശങ്ങളിലൊന്നായ ചെമ്പേരിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന എയ്ഡഡ് വിദ്യാലയമാണിത്. 1957ൽ സ്ഥാപിച്ച ഈ വിദ്യാലയം പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ് ഹൈസ്ക്കൂളിനു മാത്രമായി 12 ക്ലാസ്സ് മുറികളും ഒരു കമ്പ്യൂട്ടർ ലാബും സയൻസ് ലാബും ഉണ്ട്. വിവിധ ക്ലാസുകളിലായി 452 ഓളം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്.  ഇന്ന് സമൂഹത്തിൽ പ്രഗത്ഭരും , പ്രശസ്തരുമായ അനേകം വ്യക്തികളുടെയും സാന്നിധ്യം അനുഭവിച്ചതിലൂടെ ധന്യമായ ഈ  സ്കൂളിന് മഹത്തായ വലിയൊരു പാരമ്പര്യം തന്നെ അവകാശപ്പെടാനുണ്ട് .

## സന്ദേശം



സർഗ്ഗാത്മകതയുടെ പുതിയ ഇടങ്ങൾ കണ്ടെത്താനും, നന്മയും തിന്മയും വേർതിരിച്ചറിഞ്ഞ് മാനുഷികമൂല്യങ്ങൾ നെഞ്ചോട് ചേർക്കാനും ഈ താളുകളിലെ അക്ഷരങ്ങൾക്ക് സാധിക്കട്ടെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ ഈ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു

ഹെഡ് മാസ്റ്റർ
ശ്രീ ജോർജ് എം.ജെ

# <u>സന്ദേശം</u>

**സ്വന്തം ചിന്തകൾ മുദ്രണം ചെയ്തുകാണുമ്പോൾ വലിയൊരു സന്തോഷം ഡിജി ബുക്കിലെ ഓരോ എഴുത്തുകാരുടെയും മനസിലുണ്ട്.**

**സാഹിത്യലോകത്തെ ഞങ്ങളുടെ ഈ ചുവടുവെപ്പിനെ വളരെ പ്രാധാന്യവുമുണ്ട് ഏറെ പ്രതീക്ഷയോടെയും പ്രത്യാശയോടെയും അവതരിപ്പിക്കുന്നു.....**



JOSWIN M JOSEPH

# <u>അമ്മ</u>



ഒടുവിലെൻ മിഴികൾ തൻ കണ്ണീർ
തുടക്കാൻ
സ്നേഹത്തിൻ പാലാഴിയായി നീ
കൈക്കുമ്പിളിൽ താങ്ങി എന്നെ നടത്താൻ
ഇരുളിൽ പ്രകാശമായി നീ
വിദ്യതൻ ആദ്യാക്ഷരങ്ങൾ പകരുവാൻ
അറിവിൻ മഹാസാഗരമായി നീ
സ്നേഹമെന്ന മൂന്നക്ഷരം പൊയ്കയിൽ
വാത്സല്യം നുകർന്ന് തരുമെന്നമ്മ
കനക നിലാവുപോൽ എന്നെ നയിക്കും
എൻ അമ്മ നീ എൻ ഗുരുനാഥ

എന്നെന്നുമെന്നുള്ളിൽ
മിന്നിത്തിങ്ങുന്ന
ദിവ്യ പ്രകാശമാണെന്റെ ഭൂമി
എങ്ങെങ്ങും മിന്നിത്തിളങ്ങി വരുമൊരു
പൊൻതാരമാണെന്റെ സൂര്യൻ
ഏവർക്കും കിട്ടുന്ന സ്വന്തം ശ്വാസം
ശ്വസിക്കുമ്പോൾ
ഓർക്കുവിൻ ഇതു ദൈവത്തിൻ ദാനം
ഓർക്കുവിൻ ഇന്നു നാം നശിപ്പിക്കുന്നീ
ഭൂമി
ഭാവിതൻ സൗഭാഗ്യം തല്ലിക്കെടുത്തിടുന്നു
ഓർക്കുവിൻ സഹജരെ...ഇങ്ങനെ പോയാൽ
ഇതു നമ്മൾതൻ നാശം വിതയ്ക്കും
കണ്ടുരസിക്കാതെ ഏവരും തടയുവിൻ
നല്ലൊരു ഭൂമിതൻ ഭാവിക്കായി

# പുതുവർഷ പുലരി

കാക്കകരച്ചിലോടെ ആകാശങ്ങൾ
തെളിഞ്ഞു
മഞ്ഞ് പുതഞ്ഞ് പ്രഭാതം
ഇലകളിൽ മഞ്ഞ് തുള്ളിതൻ കണങ്ങൾ
പൊഴിഞ്ഞുകൊണ്ടിരുന്നു
പുതുവർഷം പിറന്നുകഴിഞ്ഞു
പുതുവർഷ ലഹരിയിൽ പൂക്കൾ
വിറയലോടെ പൂവിട്ടു
മഞ്ഞിൽ കോടി നിന്ന മരങ്ങൾ
അഭിമാനത്തോടെ തല ഉയർത്തി
പ്രകൃതിയിലും ഗ്രാമങ്ങളിലും
പുതുവർഷം പിറന്നു.
എല്ലാവരും ഒരുമയോടെ ചൊല്ലി
പുതുവർഷാശംസകൾ...



# വീണ്ടും

എനിക്കായ് ഉരുകും മെഴുതിരിയാണെൻ അമ്മ
എനിക്കായ് അടരും ഒരുപൂവായെൻ അച്ഛൻ
ഇരുളിൻ നടുവിൽ അലയായ് അലയുന്നീ ഞാൻ
അഴലിൻ അരുകിൽ ഉലയുകയായ് ഇന്നീ ഞാൻ

എല്ലാം എനിക്കായ് ത്യജിക്കുമ്പോൾ എൻ ചങ്ങാതി
എല്ലാം ഒടുവിൽ അറിയുമ്പോൾ ഇന്നീ ഞാൻ
ഇവരെൻ ഉയിരായ് ഒഴുകുകയാണെൻ ഹൃത്തിൽ
ഇവരാൽ ഉയിരെൻ പാതയിലിന്നു വന്നേൻ

മരണ ചുഴിയിൽ അകപ്പെട്ടു ഇന്നീ ഞാൻ
മായാ ലോകമെൻ ചാരെ വന്നണഞ്ഞേ
മായില്ലാ മനസ്സിൻ മനതാരിൽ നിങ്ങൾ
മഴയായ് പൊഴിയും ഞാനൊരു കണ്ണീരായ് വീണ്ടും.....



അവൾ.........
കണ്ണുനീർ  പുഴയോരത്തെ
തണൽപ്പുറം  വടവൃക്ഷം
മലവെള്ളപാച്ചിലിൽ  പിടിച്ചു
നിൽക്കുന്നു കരുത്താർന്ന
അവളുടെ വേരുകളിലാൽ
കാലം കടന്നു പോകുന്തോറും
കരുത്തേറുകയാണവൾക്ക്
സൂര്യകിരണങ്ങൾ കൈക
ളാവുന്ന ഇലകളിൽ തട്ടു
മ്പോൾ ഉണരും അവൾ
ഒരു പ്രഭാതത്തിൽ അവളുടെ
മിഴി തുറന്നുവെങ്കിലും
കൈകളാകുന്ന ഇലകൾ
കാണ്മാനില്ല
കാലുകളാകുന്ന  വേരുകളാൽ
നിൽക്കാൻ കഴിവില്ല.......
അവൾ.............
സ്ത്രീത്വത്തിൻ മാതൃത്വ-
ത്തിൻ പ്രതീകമായ
അവൾക്കായ് എന്തേ
ആരുമില്ലേ പൊരുതാൻ



# അമ്മക്കിളിക്കൂട്

മൃദുലഹൃദമായ  മാറോട്  ചേർത്ത് മടുപ്പിൽ
നിന്നും മാറ്റിനിർത്തുകയും
അവരുടെ കൈത്തണ്ടിൽ വിശ്രമത്തി-
നായി ഒരുക്കുമ്പോഴും
എന്റെ കവിളുകളിൽ  മധുരമായ ചും-
ബനങ്ങൾ  നൽകുന്നതും
ഞാൻ  ഉറങ്ങാതെ എന്റെ  തുറന്ന
കണ്ണുകളിൽ നോക്കുന്നതും
നിശബ്ദതയിൽനിന്നും ഒരു മനോ-
ഹരമായ പാട്ട് പാടുന്നതും
എന്റെ  പാവയെ ആരോ ഉടുപ്പിക്കുന്നതും
എന്നെ കളിക്കാൻ പഠിപ്പിക്കുന്നതും
ഞാൻ എന്തു പറയണമെന്ന് ചിന്തി-
ക്കുന്നതും
ഞാൻ വീഴുമ്പോൾ എന്നെ താങ്ങി
നിർത്തുകയും
മധുരമായ കഥകൾ പറയുന്നതും
ഞാൻ കരയുമ്പോൾ ആശ്വസി-
പ്പിക്കുന്നതും
എന്നെ സ്നേഹിക്കുന്ന എന്റെ അമ്മ.........



# TREE

[illegible]

## അമ്പിളി



നിലാവ് ചൂടിയ
നിന്നെ കാണാൻ
എന്തൊരു ചന്തമാണ്
നീ എത്ര സുന്ദരിയാണ്
എന്നും നിന്നെ കാണാൻ
നാം കാത്തിരിക്കുന്നു
അമ്പിളിമാമാ എന്നും വരുമോ നീ....



# ജീവിതം

ജീവിതം എന്നത് വലുതാണ്
കുറെ സങ്കടങ്ങൾ നിറഞ്ഞതാണ് ജീവീതം
കുറെ പാഠം പഠിക്കുന്ന ജീവിതം
സന്തോഷം നൽകുന്ന ജീവിതം
വികാരങ്ങൾ ഉണ്ടാകുന്ന ജീവിതം
മധുരമാണ് ജീവിതം.......

-ആഞ്ചലീന തെരേസ.



# വെള്ളിതിങ്കൾ

പിഞ്ചുകാൽകൾ തളർന്നു,കുഴഞ്ഞു
അവർ ഓടിയണഞ്ഞു അമ്മതൻ ചാരേ....
മാതേ... ഭക്ഷിപ്പതിന്നൊന്നുമില്ല
ആമാശയത്തിൻ കരച്ചിൽ ശമിക്കാൻ.......

അൽപ്പനിമിഷം ക്ഷമിക്കനിൻ പൈച്ച്
പോയ് വിളയാടുവിൻ സോദരരോടൊപ്പം
ഇപ്പോൾ കുളിൽതണ്ണീർ ഭുജിക്കനി
ശമിക്കും നിൻ ദാഹവും കൊടുംവിശപ്പും

അമ്മതൻ വാക്കുകൾ കേട്ടപാടെ
ഉണ്ണികൾ വന്നു തണ്ണീർ കുടിപ്പാൻ
ഈ കാഴ്ച്ച കണ്ടുനിന്നമ്മതൻ മിഴിയിൽ
നിന്നുറ്റു വീണു ഇന്ദ്രനീല തുള്ളികൾ

ക്ഷീണിച്ചവശരായെത്തുന്നപൈതങ്ങളോട്
എന്തുമറുപടിയോതുമെന്നോർത്തമ്മ
നേത്റങ്ങൾതൻ  ദൃഷ്ടിക്കും അകലെ
നോക്കി വിതുമ്പിയിരുന്നങ്ങനെ.

പാഞ്ഞത്തിവിണ്ടുമൊരാൾ വിശപ്പാൽ
ചോദിച്ചു ശമനത്തിനുള്ളുപാധി
താതൻ വരുമ്പോൾ വരുമുപാതി ചൊല്ലി
കണ്ണീർ തൂവി പാഞ്ഞു അമ്മ



## സൗഹൃതം

പണ്ട് ഒരു ഗ്രാമത്തിൽ മൂന്ന് കൂട്ടുകാർ ഉണ്ടായിരുന്നു . അവർ ഒരേ സ്കൂളിലാണ് പഠിക്കുന്നത് . അവരുടെ പേര് കേശു,മനു,വരുൺ,എന്നായിരുന്നു.കേശു ക്ലാസിലെ ഒന്നാമനായിരുന്നു . അതുപോലെ മനു ക്ലാസിലെ രണ്ടാമനും.

എന്നാൽ വരുൺ ക്ലാസിലെ ഒഴപ്പനായിരുന്നു.സ്കൂളിലെ ഏത് അടിപിടിയിലും വരുൺ ഉണ്ടായിരുന്നു. അവന്റെ മാതാപിതാക്കൾക്ക് അവനെക്കുറിച്ച് വളരെ വിഷമം ആയിരുന്നു.എന്നാൽ കേശുവിന്റെയും മനുവിന്റെയും മാതാപിതാക്കൾക്ക് അവരെ ഓർത്ത് വളരെ അഭിമാനമായിരുന്നു. ഇതെല്ലാം വരുണിന്റ മനസ്സിനെ വളരെ അലട്ടിയിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് സ്കൂളിൽ പുതിയൊരു ടീച്ചർ വന്നത്. അത് വരുണിന് വളരെ സന്തോഷമായി. എന്നാൽ ടീച്ചർ വന്ന ദിവസം തന്നെ വരുണിനെ ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം വരുണിനെക്കുറിച്ച് ഓഫീസിൽ തിരക്കി അതിനുശേഷം വരുണിനെ വിളിച്ച് കാര്യം അന്വേഷിച്ച എന്നാൽ അവൻ അദ്യം പറയാൻ കൂട്ടാക്കിയില്ല എന്നാൽ ടീച്ചറിന്റെ നിർബന്ധപ്രകാരം അവൻ പറഞ്ഞു ടീച്ചറെ കഴിഞ്ഞ വർഷം ഞാൻ ആയിരുന്നു ക്ലാസിൽ ഫസ്റ്റ് എന്നാൽ ഇപ്പോൾ പഠിക്കാൻ പറ്റുന്നില്ല. ഓ... അപ്പോൾ ഇതാണ് വരുണിന്റെ പ്രശ്നം നമ്മുക്ക് നിന്റെ പരാതി പരിഹരിക്കാം. നാളെ വരുമ്പോൾ നിന്റെ മാതാപിതാക്കളെ വിളിച്ചുകൊണ്ട് വരണം. അടുത്ത ദിവസം വരുൺ സ്കൂളിലേക്കും വരുന്നതും കാത്ത് ടീച്ചർ വരാന്തയിൽ നിൽക്കുകയായിരുന്നു.പെട്ടെന്ന് വരുണിനെ ടീച്ചർ കണ്ടു. ടീച്ചർ വരുണിനോട് ചോദിച്ച നിന്റെ മാതാപിതാക്കൾ വന്നില്ലെ? ഹാ.. അവർ കുറച്ച കഴിയുമ്പോൾ വരും. എന്നാൽ നീ ക്ലാസിൽ പൊക്കോ അവർ വരുമ്പോൾ നിന്നെ വിളിക്കാം. കുറച്ച കഴിഞ്ഞപ്പോൾ ഓഫീസിൽ വരുണിന്റെ മാതാപിതാക്കൾ വന്നു. ഇവിടുന്ന് വിളിപ്പിച്ചിരുന്നു. വരുണിന്റെ അച്ഛനും അമ്മയും അല്ലേ? അതെ എന്തായിരുന്നു ടീച്ചറെ കുറച്ച സ്വകാര്യമായി പറയാനുണ്ടായിരുന്നു നമ്മുക്ക് കുറച്ച് അങ്ങോട്ടു മാറി നിൽക്കാം. ശരി. ഞാൻ അവനെ വിളിച്ചിട്ടു വരാം നിങ്ങൾ നടന്നോളൂ.

ടീച്ചർ വരുണിന്റെ ക്ലാസിൽ ചെന്ന് അവനെ വിളിച്ചുകെണ്ട് വന്നു.എന്നിട്ട് അവന്റെ മുൻമ്പിൽ വച്ച തന്നെ കാര്യം പറഞ്ഞു.ഇവന് പഠിക്കാൻ കഴിവ് ഇല്ലാഞ്ഞിട്ടല്ല അവൻ മനസ്സു വക്കാഞ്ഞിട്ടാണ്.വരുണിന്റെ അച്ഛൻ പറഞ്ഞു അത് ഞങ്ങൾക്കും അറിയാം എന്നാൽ ഇവന്റെ ഉള്ളിൽ കയറി പഠിക്കാൻ നമ്മൾക്ക് പറ്റില്ലല്ലോ അതുകൊണ്ട് അടുത്ത വർഷം ഇവന്റെ പഠിപ്പ് നിർത്തുവാണ്. അങ്ങനെ എടുത്തുചാടി ഒരു തീരുമാനവും എടുക്കരുത് അവൻ ഈ പരീക്ഷയ്ക്ക് ഫുൾ മാർക്ക് മേടിച്ച് പാസാവും അന്നത്തെ ഓണപരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും ഫുൾ മാർക്ക് വാങ്ങി ജയിച്ചത്,. കേശുവിനും മനുവിനും ആശ്ചര്യമായി.അവനെ സ്കൂളിൽ ആദരിക്കുകയുംചെയ്തു

എല്ലാവരുടെയും മുൻപിൽ തന്റെ മാതാപിതാക്കളുടെ മുഖം താഴും എന്ന് ഓർത്താണ് അവൻ നന്നായി പഠിക്കാൻ തുടങ്ങിയത് അതുകൊണ്ടാണ് അവന് വിജയം കരസ്ഥമായത്

**മിലൻ സന്തോഷ്**





# PENCIL DRAWING



## Niranjana Rajesh

















# DIGITAL PAINTING
























# Olivia Elsa Tom

# DIGITAL INDIA

**Digital India is an ambitious campaign which was launched by the prime minister of India, Narendra Modi on 1st July, 2005 at the Indira gandhi indoor stadium, Delhi. It was launched and started in the presence of various prominent industrialists like Tata group chairmen-Cyrus Mistry, reliance chairmen and managing director Azeem Premji,etc. The main objective of this campaign is to increase internet connectivity,time of the people as well as that of the Government, and to provide Indian citizens electronic government services to make India a digitally empowered country. Digital India mission aims to improve digitalisation and achieve sucess for the country.**

**Aswanth.M.J**



# LITTLE KITES TEAM 2022-2025

